# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പികെഡി 12-11/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/03/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പികെഡി 12-11/23 തീയ്യതി: 14/03/2023

## പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 10-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഇ. ശശിഭൂഷൺ | ഡെപ്യൂട്ടി ഡയറക്ടർ. (ഹ.ഗ്രേ) | 12-12-2022 | 16-12-2022 |
| ശ്രീ. പി.എസ്. സാബു | ഡെപ്യൂട്ടി ഡയറക്ടർ. | 17-12-2022 | 17-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 17-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യു.ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ,
ശ്രീ. എം. ശിവപ്രസാദ്, അസി.ഓഡിറ്റ് ഓഫീസർ,

ശ്രീ. സി.എൽ.പദ്മകുമാർ, സീനി.ഗ്രേഡ് ഓഡിറ്റർ,
ശ്രീ.കെ.എ.മോഹനൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. എ. പ്രേമലത | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. സുഭാഷ്. പി.ബി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഹരികൃഷ്ണൻ | അസി.എഞ്ചിനീയർ | 01-04-2021 | 14-12-2021 |
| ശ്രീമതി. സുജി.എസ് | അസി.എഞ്ചിനീയർ (താത്കാലികം) | 15-12-2021 | 31-03-2022 |
| ശ്രീമതി. സുപ്രിയ.എ | അസി. സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീമതി. രാഗിണി.എ.ആർ | അസി. സെക്രട്ടറി | 14-07-2021 | 31-03-2022 |
| ഡോ. വിനീഷ് ബാബു | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. നെൽസൺ തോമസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ. അസ്മാബി.എം.എ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. മൈമൂന.സി. | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സരിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ധന്യ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. രാജേഷ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമത. നസീമ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 29-06-2021 |
| ശ്രീമത. സുഹന.ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 30-06-2021 | 31-03-2022 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11 |
| 13 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-12 |
| 14 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല. | 1-13 |
| 15 | ഡെപ്പോസിറ്റ് പ്രവൃത്തി- തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-14 |
| 16 | തെരുവ് വിളക്കുകളുടെ പരിപാലനം -സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 17 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 1-16 |
| 18 | സബ്സിഡി തുക നൽകിയത് പൂർണ്ണമായും ബില്ലുകൾ ഹാജരാക്കിയില്ല | 1-17 |
| 19 | വൃദ്ധർക്ക് കട്ടിൽ വിതരണം - ആർട്കോയിൽ നിന്നും വാങ്ങിയതിലെ അപാകങ്ങൾ | 1-18 |
| 20 | ഹോമിയാ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല | 1-19 |
| 21 | വൃദ്ധർക്ക് കട്ടിൽ വിതരണം - ആർട്കോയിൽ നിന്നും വാങ്ങിയതിലെ അപാകങ്ങൾ | 1-20 |
| 22 | മരാമത്ത് പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്. | 1-21 |
| 23 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ | 1-22 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കയിട്ടുണ്ട്. | |
| 24 | ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്. | 1-23 |
| 25 | ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ തുകകൾ ലഭ്യമാകുന്നില്ല. | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

23-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

7-03-2022 ലെ തീരുമാനം നം. 1/2 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 18613966 |
| തൻവർഷം വരവ് | 215382100 |
| ആകെ വരവ് | 233996066 |
| ചെലവ് | 231624300 |
| നീക്കിയിരിപ്പ് | 2371766 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 215382100 | 83886395 |
| തൻവർഷത്തെ ചെലവ് | 231624300 | 76495952 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 20-08-2022 | - | - |

വാർഷിക കണക്ക് സമയപരിധിക്കകം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2) അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

3)സംയുക്ത പ്രൊജക്ടുകളുമായി ബന്ധപ്പെട്ട എ.സി.ആർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്ന നീക്കിയിരുപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17676583 |
| വരവ് | 83886395 |
| ആകെ | 101562978 |
| ചെലവ് | 76495952 |
| നീക്കിയിരിപ്പ് | 25067026 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 15919831 | 15919831 | 15764789 | 155042 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 8833745 | 8833745 | 7487188 | 1346557 |
| മെയിന്റനൻസ്, റോഡ് | | 0 | 16248000 | 16248000 | 12173921 | 4074079 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5391802 | 5391802 | 2489770 | 2683032 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant | | 0 | 3591000 | 3591000 | 2640469 | 950531 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Spill Over) | | 0 | 3140429 | 3140429 | 3033060 | 107369 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | | 0 | 5387000 | 5387000 | 131907 | 5255093 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied(spill Over) | | 0 | 4097740 | 4097740 | 458981 | 3638759 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 2538037 | 5000 | 2543037 | 1823000 | 720037 |
| | ICDS | 3027376 | 1124382 | 4151758 | 2558935 | 1592823 |
| | ശുചിത്വമിഷൻ ഫണ്ട് | 386000 | 120000 | 506000 | 506000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 109784678 | 162 | 59664539 | - | 51 | 76 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 13 | 4764510 | 2667337 | 56 |
| വി.ഇ.ഒ | 23 | 19 | 31499766 | 13374161 | 42 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 6366220 | 5347559 | 84 |
| സെക്രട്ടറി | 26 | 19 | 11672130 | 9855656 | 84 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 105 | 73 | 37504150 | 20173284 | 54 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 8 | 2851560 | 1604327 | 56 |
| ഡയറി ഫാം ഇൻസ്പക്ടർ | 1 | 1 | 650000 | 650000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 1570000 | 1570000 | 100 |
| അസി.സെക്രട്ടറി | 5 | 5 | 2711440 | 2508019 | 92 |
| വെറ്ററിനറി സർജ്ജൻ | 9 | 6 | 3937902 | 881950 | 22 |
| സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് | 4 | 2 | 5097000 | 39018 | 0.76 |
| ഹെഡ് മാസ്റ്റർ | 5 | 4 | 1160000 | 993228 | 86 |
| ആകെ | 213 | 162 | 109784678 | 59664539 | 54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11393 | 777568 | 788961 | 785177 | 3784 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 32769263 | 32769263 | 32769263 | - |
| ആകെ | 11393 | 33546831 | 33558224 | 33554440 | 3784 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8160 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 4612400 | 290 |
| വിധവാപെൻഷൻ | 16833000 | 1093 |
| വാർദ്ധക്യകാലപെൻഷൻ | 26959600 | 1881 |
| വികലാംഗപെൻഷൻ | 5224400 | 333 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1311600 | 88 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 270000 | 9 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,833/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21 വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ പലതിലും സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ ചില മാസങ്ങളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനട്ട്സ് തയ്യാറാക്കുന്നത്.

തൻവർഷം മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെലക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2022 | 8.10.2022 & 9.10.2022 | 22.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.4.2009 മുതൽ 18.4.2009 വരെ | | 16.05.2009 |

2004-05 മുതൽ 2008-09 വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ പരിശോധിച്ചിട്ടുള്ളത്. 16.05.2009 ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് സെപ്റ്റംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 22.10.2022 ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽനികതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(എ) താഴെ പറയുന്ന ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 1/606 | മൊയ്തുപ്പ. ടി.കെ. | ജനറൽ മർച്ചന്റ് |
| 2 | 5/471 | ഹാഫിസ് അഹമ്മദ്. സി. | കോക്കനട്ട് വ്യാപാരം |
| 3 | 16/496 | ഫൈസൽ. പി. | കുപ്പി വെള്ളം ഗോഡൗൺ |
| 4 | 10/222 | മോഹൻദാസ്. പി.കെ. | ഫോട്ടോസ്റ്റാറ്റ് കട |
| 5 | 13/153 | ഹംസ നാലകത്ത് | പല ചരക്ക് കച്ചവടം |
| 6 | 12/299 | ചന്ദ്രമോഹൻ. വി. | ചന്ദ്രാ സ്റ്റോഴ്സ് |
| 7 | 6/561 | ഹൈദ്രോസ്. കെ. | രാസ വളം കട |
| 8 | 11/497 | സുബൈർ. ടി. | മലബാർ ട്രേഡേഴ്സ് |
| 9 | 6/2, 3 | ബാലൻ. എം. | പലചരക്ക് കട |
| 10 | 6/655 | മനോജ്. കെ.ആർ. | മെറ്റൽ ക്രാഫ്റ്റ് |
| 11 | 5/65 | ലക്ഷ്മണൻ | ഫ്രണ്ട്സ് ഫർണിച്ചർ |
| 12 | 1/371 | ഉണ്ണികൃഷ്ണൻ | നീതു ടെക്സ്റ്റയിൽസ് |
| 13 | 15/575 | അബൂബക്കർ | മുനീർ സ്റ്റോർ |
| 14 | 2/376 | ശ്രീകുമാർ. എം. | അഞ്ജന ഫാമിലി സ്റ്റോർ |
| 15 | 11/387 | അബ്ദുൾ നാസർ | ദുബായ് മൊബൈൽസ് |
| 16 | 11/388 | അബ്ദുൾ നാസർ | സന ബേക്കറി |
| 17 | 11/4G, 4 I | സുൾഫിക്കർ. കെ.എസ്. | വസ്ത്ര വ്യാപാരം |
| 18 | 1/256 | സുമിത. സി.വി. | ബ്യൂട്ടി ലൈഫ് ബ്യൂട്ടി പാർലർ |
| 19 | 11/657 | ഹാരിസ്. പി. | ഐഡിയ ടൈൽസ് & ഗ്രാനൈറ്റ്സ് |

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | മുബീന (ഫാർമസി) | അനുഷ ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 2 | രഞ്ജിനി (ലാബ് ടെക്നീഷ്യൻ) | അനുഷ ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 3 | നീതു. കെ. തോമസ് (സ്റ്റാഫ് നഴ്സ്) | പി. ബാലൻ മെമ്മോറിയൽ ഹോസ്പിറ്റൽ) | രണ്ടാം അർദ്ധവർഷം |
| 4 | നിഷ സെബാസ്റ്റ്യൻ (സ്റ്റാഫ് നഴ്സ്) | പി. ബാലൻ മെമ്മോറിയൽ ഹോസ്പിറ്റൽ) | രണ്ടാം അർദ്ധവർഷം |
| 5 | ബബിത (ഓഫീസ് സ്റ്റാഫ്) | ഷറഫ പ്ലൈവുഡ് പള്ളിക്കുറിപ്പ്) | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/13-12-2022 ന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ പറയുന്ന പ്രകാരം ജോലിയിൽ തുടരുന്നില്ലെന്നും ഗൾഫിലാണെന്നും അറിയിച്ചവരെ ഒഴിവാക്കിയിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനം/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-12 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ നിലവിലെ ഡാറ്റാ എൻട്രി പ്രകാരം പഞ്ചായത്ത് പരിധിയിൽ 18 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. അവയിൽ നികുതി കുടിശ്ശിക വരുത്തിയ ടവറിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | 2021-22 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 10/516 | Reliance Infratel | 2013-2014 മുതൽ (അർദ്ധവർഷം 1838/- രൂപ, വസ്തു നികുതി + ലൈബ്രറി സെസ്സ് ) | 33084 /- രൂപ |

ഫയൽ നമ്പർ A4/3864/21 പ്രകാരം നികുതി കുടിശ്ശിക ഈടാക്കുന്നതിന് 10-02-2022 ന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 3/14-12-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-13 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ

ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിൽ മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിർണ്ണയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 4/14-12-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ഡെപ്പോസിറ്റ് പ്രവൃത്തി- തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച താഴെ പറയുന്ന പ്രവൃത്തികൾക്കായി KSEB യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ, ചെലവ് | ഫണ്ടിനം | ട്രഷറി ബിൽ നം., തീയതി, തുക | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/ സ്ഥാപനം, കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | 156/22, പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽസ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1600000, 1600000 | വികസന ഫണ്ട്- പൊതുവിഭാഗം- സാധാരണ വിഹിതം | 23/21-22/ 22.03.22 | കെ എസ് ഇ ബി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, തച്ചമ്പാറ |
| 2. | 288/22 അരപ്പാറ സ്കൂളിന് സമീപത്തെ പോസ്റ്റ് മാറ്റൽ | 27757 27757 | തനത് ഫണ്ട് | 22100900/24.03.22 | ,, |
| 3. | 294/22 കൊടിയത്ത് വടക്കേക്കര റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 18738 18738 | തനത് ഫണ്ട് | 22100898/24.03.22 | ,, |
| 4 | 295/22 വട്ടതല ചൂരിയോട് പട്ടേരി റോഡിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | 122640 122640 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22100899/24.03.22 | ,, |

തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/16.12.22 ന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്കുകളുടെ പരിപാലനം -സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ

സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 3,11,055/-രൂപ കെ.എസ്.ഇ.ബി തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. പഞ്ചായത്തും കെ.എസ്.ഇ.ബി യും തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവു വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൈവശമുള്ള കാലഹരണപ്പെട്ടതും കൃത്യതയില്ലാത്തതുമായ കണക്കനുസരിച്ചാണ്. സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വിവരം , മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/16.12.22) മറുപടിയൊന്നും നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്ക് ആവശ്യകത വിലയിരുത്തി മാത്രം എ.എം.സി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്യാരന്റി/ വാരന്റി കാലയളവിലുള്ള വിളക്കുകൾ എ.എം.സിയിൽ ഉൾപ്പെടുത്താതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

4.എല്ലാ തെരുവ് വിളക്കുകളും മീറ്റർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

5.തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും , രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്.

## 1-16 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്) നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ച വരുന്ന രേഖകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

വാഹനം - രജിസ്ട്രേഷൻ നം.- KL-50 E 5616

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.

- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്
2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
3. റിപ്പയർ രജിസ്റ്റർ
4. ഫ്യുവൽ രജിസ്റ്റർ

എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ച വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്.
- കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടത്തുകയോ ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയത് പാലിക്കേണ്ടതാണ്.
- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/16-12-2022) മറുപടിയൊന്നും സമർപ്പിച്ചില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
- ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
- വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
- വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

## 1-17 സബ്സിഡി തുക നൽകിയത് പൂർണ്ണമായും ബില്ലുകൾ ഹാജരാക്കിയില്ല

കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ നിർവഹണത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(സാധാ)നം.1009/2020/ത.സ്വ.ഭ.വ തിയതി 29.5.2020 ഖ. 4.2.2 ,4.3.2 എന്നിവ പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% ആണ് സബ്സിഡി അനുവദിക്കുന്നത്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി സംബന്ധിച്ച വിശദാംശങ്ങളും യൂണിറ്റ് കോസ്റ്റും സബ്സിഡിയും താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. പേര് | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി | | | ഗുണഭോക്തൃ വിഹിതം | ഗുണഭോക്തൃ വിഹിതം ചെലവാക്കിയത് | സബ്സിഡി തുക നൽകിയത് |
|---|---|---|---|---|---|---|---|
| | | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| വീട്ടുവളപ്പിലെ കുളത്തിൽ മീൻ വളർത്തൽ (210/22) | 123000 | 32800 | 16400 | 49200 | 73800 | 71270 | 27140 |
| ബയോഫ്ലോക് മത്സ്യകൃഷി (211/22) | 138000 | 36800 | 18400 | 55200 | 82800 | 33960 | 11878 |

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും സബ്സിഡി തുക നൽകിയതിനുള്ള ബില്ലുകൾ മാത്രമേ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ഹാജരാക്കിയിട്ടുള്ളൂ. ഫിഷറീസ് വകുപ്പ് സബ്സിഡി നൽകിയതിനുള്ള ബില്ലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/16.12.2022) ഗുണഭോക്താക്കൾ ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി വിഹിതം ലഭിക്കുവാനായി ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ വീട്ടുവളപ്പിലെ കുളത്തിൽ മീൻ വളർത്തലിന് 15,056/- രൂപയും ബയോഫ്ലോക് മത്സ്യകൃഷിക്ക് 13,520/- രൂപയും ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി ലഭിച്ചതായും മറുപടി നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി നൽകിയതിനുള്ള യാതൊരു ബില്ലുകളും ഹാജരാക്കാത്തതിനാൽ ഓഡിറ്റിന് അത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ടി രേഖകൾ പരിശോധിക്കുന്നതിനായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-18 വൃദ്ധർക്ക് കട്ടിൽ വിതരണം - ആർട്കോയിൽ നിന്നും വാങ്ങിയതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ 60 വയസ്സിൻമേൽ പ്രായമുള്ള വയോജനങ്ങൾക്ക് കട്ടിൽ എന്ന ഈ പ്രോജക്റ്റ് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയതാണ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 17/22 |
| പ്രോജക്റ്റ് | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| അടങ്കൽ | 278400 (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 275200 (വികസന ഫണ്ട് - പൊതുവിഭാഗം) |
| ബിൽ നമ്പർ | 7/18.3.22 275200/- |

കട്ടിലുകൾ ടെണ്ടർ കൂടാതെ ആർട്കോയിൽ നിന്നും നേരിട്ടു വാങ്ങുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ /തീയ്യതി | തുക | എണ്ണം | |
|---|---|---|---|
| 384/15.3.22 | 3644 | 64 | 233216.00 |
| CGST | | | 20989.44 |
| SGST | | | 20989.44 |
| TOTAL (Round Off) | | | 275200 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.2.2018 ഖ. 7.1.13 അനുസരിച്ച് നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതും പരമാവധി ₹4350 ൽ അധികമാകാത്തതുമായ നിരക്കിൽ വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കാവുന്നതാണ്.

